No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്
# KEAM-2019
# ആർക്കിടെക്ചർ/മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്ക് പുതുതായി അപേക്ഷകൾ ക്ഷണിച്ചു

ബഹു. സുപ്രീംകോടതി **10.05.2019–ൽ** പുറപ്പെടുവിച്ച ഉത്തരവ് **നം.WP(C) 380/2019** പ്രകാരം കേരളത്തിനു പുറത്തുള്ള വിദ്യാർത്ഥികൾക്കും **(NK- II)** സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്.കോഴ്സിന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടാതെ, സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി നിശ്ചിത സമയത്തിനകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാൻ കഴിയാതിരുന്ന വിദ്യാർത്ഥികളിൽ നിന്നും ആർക്കിടെക്ചർ (ബി.ആർക്ക്), മെഡിക്കൽ & അനുബന്ധ കോഴ്സുകൾ (എം.ബി.ബി.എസ്, ബി.ഡി.എസ് ഉൾപ്പെടെ) എന്നിവയിലേയ്ക്ക് പ്രവേശനത്തിനായി പുതുതായി ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചു. **KEAM-2019** മുഖേന എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി/ മെഡിക്കൽ & അനുബന്ധ കോഴ്സുകൾ എന്നിവയിലേതെങ്കിലും കോഴ്സുകൾക്ക് ഇതിനോടകം ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് ആവശ്യമുള്ള പക്ഷം ആർക്കിടെക്ചർ, മെഡിക്കൽ & അനുബന്ധ കോഴ്സുകൾ എന്നിവ പ്രസ്തുത അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനും വിട്ടുപോയ രേഖകൾ അപ്ലോഡ് ചെയ്യുന്നതിനും അവസരം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ നേരത്തേ സമർപ്പിച്ച അപേക്ഷയിൽ ഫാർമസി (ബി.ഫാം) കോഴ്സ് തെരഞ്ഞെടുക്കാൻ വിട്ടുപോയവരും എന്നാൽ 2019–ലെ എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷയുടെ പേപ്പർ–1 എഴുതിയവരുമായ വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള പക്ഷം ഫാർമസി കോഴ്സ് പ്രസ്തുത അപേക്ഷയിൽ കൂട്ടിച്ചേർക്കുന്നതിനും അവസരം ലഭ്യമാക്കിയിട്ടുണ്ട്.

പുതുതായി അപേക്ഷകൾ സമർപ്പിക്കുന്നതിനും, കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനും **13.05.2019** മുതൽ **20.05.2019 വൈകുന്നേരം 5 മണി** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കും. വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471-2332123, 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
12.05.2019

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**